കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - ഷൊർണ്ണൂർ നഗരസഭ- ശുചീകരണ പ്രവർത്തനത്തിന് വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ (സാധാ)നം:1253/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 2/5/2012**

---

പരാമർശം:- 1. ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 16/12/11-ലെ പി.എച്ച്1-23062/2011 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 16/1/12-ലെ ഡിസി3-19702/2011 നമ്പർ കത്ത്.

3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20/3/12-ലെ No/SM/C2/751/2008 നമ്പർ കത്ത്.

4. ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 29/3/12-ലെ പി.എച്ച്1-23062/11 നമ്പർ കത്ത്.

## ഉത്തരവ്

ഷൊർണ്ണൂർ നഗരസഭയിൽ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് ശുചിത്വ മിഷൻ അനുവദിച്ച 38.38 ലക്ഷം രൂപയിൽ നിന്നും നഗരസഭയുടെ ശുചീകരണ പ്രവർത്തനത്തിന് ഒരു വാഹനം വാങ്ങുന്നതിനുള്ള അനുമതിയ്ക്കായി ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു. നഗരസഭയുടെ അപേക്ഷ പരാമർശം (3) പ്രകാരം ശുചിത്വ മിഷൻ ശുപാർശയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വാഹനം വാങ്ങുന്നതിന് 10,89,753/-(പത്തു ലക്ഷത്തി എൺപത്തിയൊൻപത്തിനായിരത്തി എഴുന്നൂറ്റി അൻപത്തിമൂന്ന്) രൂപ ചെലവു വരുമെന്ന് പരാമർശം (4) പ്രകാരം നഗരസഭാ സെക്രട്ടറി സർക്കാരിനെ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഷൊർണ്ണൂർ നഗരസഭയുടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി 10,89,753/-(പത്തു ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി അൻപത്തിമൂന്ന്) രൂപ ചെലവിൽ ശുചിത്വ മിഷന്റെ ഫണ്ട് വിനിയോഗിച്ച് ഒരു ഐഷർ ടിപ്പർ വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി.ശോഭ**

അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. സെക്രട്ടറി, ഷൊർണ്ണൂർ നഗരസഭ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ-ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.